# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 265 02/03/2020-ൽ മറുപടിക്ക്

### ആശാവർക്കർമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | സംസ്ഥാനത്ത് നിലവിൽ ആശാവർക്കർമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | എ) | കേരളത്തിൽ ആശാപദ്ധതി 2007 ലാണ് ആരംഭിച്ചത്. 2016-17- 1500 രൂപയായും, 2017-18- 2000 രൂപയായും, 2018-19- 4000 രൂപയായും, 2019-20- 4500 രൂപയായും, 2020-21- 5000 രൂപയായും ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട് . 2015-16 വരെ ആശമാർക്ക് 1000 രൂപയാണ് ഓണറേറിയമായി കിട്ടിയിരുന്നത്. ഈ സർക്കാർ ഓരോ വർഷവും വർദ്ധവ് വരുത്തി ഇപ്പോൾ 4500 രൂപയായി ഓണറേറിയം ഉയർത്തിയിട്ടുണ്ട് . ഇത് കൂടാതെ ചാക്രിക അടിസ്ഥാനത്തിലുള്ള ഭവന സന്ദർശനങ്ങൾക്ക് പ്രതിമാസം 2000 രൂപ നിശ്ചിത ഇൻസെന്റീവും നൽകി വരുന്നു. ഇതിന് പുറമേ ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽ നിന്നും 1500 രൂപ മുതൽ 2000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശാവർക്കർമാർക്ക് ലഭിക്കുന്നുണ്ട്. ഈ വിധത്തിൽ 8000 രൂപ മുതൽ 8500 രൂപ വരെ പ്രതിമാസം ആശാവർക്കർമാർക്ക് ലഭിക്കുന്നുണ്ട്. ഇതിനു പുറമേ ഈ വർഷത്തെ ബഡ്ജറ്റിൽ 500 രൂപ കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത ജീവനക്കാരെ ക്ലാസ്സ് ഫോർ ജീവനക്കാരായി അംഗീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | പ്രസ്തുത ജീവനക്കാർക്ക് യൂണിഫോം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ